(എഫ്) മെഡിക്കൽ കോളേജിൽ പ്രിൻസിപ്പാളിന്റെ തസ്തിക എന്നുമുതലാണ് ഒഴിഞ്ഞുകിടക്കുന്നത് എന്ന് പറയാമോ;

(ജി) പുതിയ പ്രിൻസിപ്പാളെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ ടൗൺ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 13 ഡിപ്പാർട്ടുമെന്റുകളും മുളംകുന്നത്തുകാവ് മെഡിക്കൽ കോളേജ് നെഞ്ച് രോഗാശുപത്രിയിൽ 11 ഡിപ്പാർട്ടുമെന്റുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) ഓരോ ഡിപ്പാർട്ടുമെന്റിലും അനുവദിക്കപ്പെട്ട തസ്തികകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) ഒരു വർഷത്തിലധികമായി 9 അസിസ്റ്റന്റ് പ്രൊഫസർമാരുടേയും 46 ലക്ചറർമാരുടേയും തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. ലക്ചറർമാരുടെ ഒഴിവുകളിൽ താല്ക്കാലിക നിയമനം നടത്തിയിട്ടുണ്ട്.

(ഡി) മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ 7-ഉം പാരാമെഡിക്കൽ സ്റ്റാഫിന്റെ 28-ഉം ഒഴിവുകൾ ഉണ്ട്.

(ഇ) ന്യൂറോ സർജറി വിഭാഗത്തിൽ ഇപ്പോൾ മൂന്ന് ഡോക്ടർമാർ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ രണ്ട് പേർ കരാറടിസ്ഥാനത്തിലാണ്. പ്രൊഫസർ തസ്തികയിലെ ഒരു ഒഴിവ് നികത്തുന്നതാനായി നടപടികൾ സ്വീകരിച്ചുവരുന്നു. യോഗ്യത നേടിയ ലക്ചറർമാർ ഇല്ലാത്തതിനാൽ അസിസ്റ്റന്റ് പ്രൊഫസർമാരുടെ നാല് ഒഴിവുകൾ നികത്താൻ കഴിയുന്നില്ല. നാലു ലക്ചറർമാരെ ഈ വിഭാഗത്തിലേക്കു നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞു.

(എഫ്) 1-3-2003 മുതൽ പ്രിൻസിപ്പാളിന്റെ തസ്തിക ഒഴിഞ്ഞുകിടക്കുന്നു.

(ജി) പുതിയ പ്രിൻസിപ്പാളിനെ നിയമിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഫാർമസി ലക്ചറർമാരുടെ ഒഴിവുകൾ

117 [840] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഫാർമസി ലക്ചറർമാരുടെ എത്ര ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത തസ്തികയിൽ ഇപ്പോൾ താൽക്കാലിക നിയമനത്തിൽ അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ എത്ര പേർ;

(സി) ഈ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ഡി) എങ്കിൽ നിയമന നിരോധനം സർക്കാർ നീക്കിയ സാഹചര്യത്തിൽ പി. എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഈ തസ്തികകളിലേക്ക് നിയമനം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഒമ്പത് ഒഴിവുകൾ ഉണ്ട്.

(ബി) ഉണ്ട്. 3 പേർ.

(സി) നിലവിലുണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

പാലിൽ മായം ചേർക്കൽ തടയാൻ നടപടി

118 [T841] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനങ്ങളിൽനിന്നും കേരളത്തിൽ വിറ്റഴിക്കുന്ന പാലിൽ മാരകമായ രാസവസ്തുക്കൾ അടങ്ങിയിട്ടുണ്ട് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്ത് പരിശോധനകളാണ് നടത്തിയിട്ടുള്ളത്; അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) പരിശോധനയുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് വിറ്റഴിക്കുന്ന ഭക്ഷ്യ ഉല്പന്നങ്ങളിൽ വ്യാപകമായി മായം ചേർക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(എഫ്) മായം ചേർത്തതുമായി ബന്ധപ്പെട്ട് ഈ സാമ്പത്തിക വർഷം എത്ര കേസുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

---

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly